(എ) പീരുമേട് ടീ കമ്പനി വക ലോൺട്രി, പീരുമേട് എന്നീ തേയില തോട്ടങ്ങൾ പൂട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത എസ്റ്റേറ്റുകൾ തുറക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) തൊഴിൽ വകുപ്പുമന്ത്രി, ലേബർ കമ്മീഷണർ എന്നിവർ വിളിച്ച കോൺഫറൻസുകളിൽ മാനേജ്മെന്റ് പങ്കെടുക്കാത്തതിനെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) തൊഴിൽ നിയമങ്ങളും പ്ലാന്റേഷൻ ലേബർ ആക്ടും ലംഘിക്കുന്ന മാനേജ്മെന്റിനെതിരെ സർക്കാർ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഇ) പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനി വക തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പൂട്ടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു വരികിലും എച്ച്.ഇ.എൽ. യൂണിയൻ, എ.ഐ.റ്റി.യു.സി., എച്ച്.ആർ.ടി.ഇ. യൂണിയൻ, ഐ.എൻ.ടി.യു.സി., എച്ച്.ഇ.ഡബ്ലിയു. യൂണിയൻ, യു.റ്റി.യു.സി. എന്നീ തൊഴിലാളി സംഘടനകൾ ലേബർ കമ്മീഷണർ മുമ്പാകെ ഒൻപത് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു തൊഴിൽ തർക്കം ഉന്നയിക്കുകയുണ്ടായി. ഇവയിൽ പലതും സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള ആവശ്യങ്ങൾ ആയിരുന്നു. പ്രസ്തുത തർക്കത്തിന്മേൽ ലേബർ കമ്മീഷണർ തലത്തിൽ നിരവധി അനുരഞ്ജന ചർച്ചകൾ നടത്തിയിട്ടുണ്ട്.

(സി) 8-11-2000-ൽ ലേബർ കമ്മീഷണർ നടത്തിയ ചർച്ചയിലും 12-12-2000-ൽ എന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിലും മാനേജ്മെന്റ് പ്രതിനിധികൾ പങ്കെടുത്തിരുന്നു.

(ഡി) പ്ലാന്റേഷൻ ലേബർ നിയമലംഘനം നടത്തിയതിന് തൊഴിലുടമയ്ക്ക് എതിരെ പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടർ 4 കേസുകൾ എടുത്തു. അവയിൽ 2 എണ്ണത്തിൽ ഉടമയെ ശിക്ഷിച്ചിട്ടുമുണ്ട്.

(ഇ) ഉദിക്കുന്നില്ല.

ഫാക്ടറി ലൈസൻസ് യഥാസമയം നൽകുന്നതിന് നടപടി

49 (1201) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 2000 ഡിസംബർ 31 വരെ ഫാക്ടറി ലൈസൻസ് നൽകുന്നതിനുള്ള എത്ര അപേക്ഷകളാണ് ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നത് ;

(ബി) ഇതിൽ കാഷ്യൂ ഫാക്ടറികൾക്കുള്ള എത്ര അപേക്ഷകൾ ഉണ്ട് ;

(സി) എത്ര എണ്ണത്തിന് ഈ തീയതിക്കുശേഷം ലൈസൻസ് നൽകി ;

(ഡി) ഫാക്ടറി ലൈസൻസുകൾ യഥാസമയം നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 63 അപേക്ഷകൾ.

(ബി) കാഷ്യൂ ഫാക്ടറികൾക്കുള്ള അപേക്ഷകൾ ഒന്നുംതന്നെ ഇല്ല.

(സി) 10 എണ്ണം.

(ഡി) പുതുക്കൽ പ്രമാണങ്ങൾ, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ലഭിക്കാത്തതാണ് കാരണം.

ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ

50 (1202) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) കംപ്യൂട്ടറൈസേഷൻ കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത വകുപ്പിൽ ആകെ എത്ര കംപ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട് ;

(ഡി) അവ ഏതെല്ലാം ഓഫീസുകളിൽ എത്രവീതം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സാമ്പത്തിക വർഷം പുതിയ കംപ്യൂട്ടറുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം ഓഫീസുകളുടെ ആവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1997-ൽ.

(ബി) വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ജോലിഭാരം ഒരു പരിധിവരെ ലഘൂകരിക്കുവാനും അതുവഴി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly